277/estt/18

## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - പുതുതായി സൃഷ്ടിച്ച ഹെഡ് ക്ലർക്ക് തസ്തികകൾ ക്രമീകരിച്ച ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം : 1) സ.ഉ(കൈ) നം. 89/2017/തസ്വഭവ തീയതി 28.04.2017
2) ഈ ഓഫീസിലെ 03.05.2017-ലെ ഇതേ നമ്പർ ഉത്തരവ്
3) 29.09.2018-ലെ മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയറുടെ എഇഇ/എൽ.എസ്.ജി.ഡി/എം.കെ.ഡി/എസ്റ്റാ-18 നമ്പർ കത്ത്

## ഉത്തരവ് നം . എ1-5930/2017/സിഇ/തസ്വഭവ തീയതി 10.10.2018

തദ്ദേശ സ്വയംഭരണ വകുപ്പിൽ മേൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം പുതുതായി സൃഷ്ടിച്ച 31 മിനിസ്റ്റീരിയൽ തസ്തികകളിൽ 22 ഹെഡ് ക്ലർക്ക് തസ്തികകൾ എല്ലാ ജില്ലകളിലും ഒരു ഹെഡ് ക്ലർക്ക് തസ്തികയെങ്കിലും വരത്തക്കവിധം, 8 ഗ്രാമപഞ്ചായത്തുകളോ അതിൽ കൂടുതലോ ഉൾക്കൊള്ളുന്ന ബ്ലോക്ക്പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സൂചന (2) പ്രകാരം വിന്യസിച്ച് ഉത്തരവായിട്ടുള്ളതാണ്. അപ്രകാരം പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, ആലത്തൂർ എന്നീ രണ്ട് ബ്ലോക്കുപഞ്ചായത്തുകളിലായി ഓരോ ഹെഡ് ക്ലർക്ക് തസ്തിക വീതം വിന്യസിച്ചിരുന്നു.

പാലക്കാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സബ്ഡിവിഷൻ മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്തിന് കീഴിലെ 8 ഗ്രാമപഞ്ചായത്തുകളിലേയും, അട്ടപ്പാടി ബ്ലോക്ക്പഞ്ചായത്തിന് കീഴിലെ 3 ഗ്രാമപഞ്ചായത്തുകളിലേയും സാങ്കേതികവിഭാഗം ജീവനക്കാരുടെ സേവന-വേതന സംബന്ധിയായ എസ്റ്റാബ്ലിഷ്മെന്റ് പ്രവൃത്തികളും, പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർവഹിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് സബ്ഡിവിഷൻ മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്തിലാണെന്നും ആയതിനാൽ ഒരു ഹെഡ് ക്ലർക്ക് തസ്തിക അനുവദിച്ചുനൽകണമെന്നും സൂചന (3) പ്രകാരം മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരിക്കുന്നു.

സൂചന (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ക്രമീകരിച്ച ഹെഡ്ക്ലർക്ക് തസ്തിക സൂചന (3) കത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സബ്ഡിവിഷൻ മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പുനഃക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**സീനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

പകർപ്പ് : 1) എക്സി. എഞ്ചിനീയർ, ജില്ലാപഞ്ചായത്ത്, പാലക്കാട്
2 അസി. എക്സി. എഞ്ചിനീയർ, ആലത്തൂർ / മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്
3) കരുതൽ / സ്റ്റോക്ക് ഫയൽ

P 1323